No.1541/2010/LLM/TA2/CEE

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

## എൽ.എൽ.എം. കോഴ്സിലേയ്ക്കുള്ള സ്പെഷ്യൽ അലോട്ടുമെന്റ്

2010ലെ എൽ.എൽ.എം കോഴ്സിലേയ്ക്ക് കോഴിക്കോട് ലോ കോളേജിൽ ഒഴിവുള്ള ഒരു സീറ്റിലേയ്ക്കും (മറ്റു പിന്നോക്ക ഹിന്ദു) തൃശ്ശൂർ ലോ കോളേജിൽ ഒഴിവുള്ള രണ്ടു സീറ്റുകളിലേയ്ക്കും (എസ്.സി. - 1, മറ്റു പിന്നോക്ക ഹിന്ദു - 1) 25.01.2011 ചൊവ്വാഴ്ച രാവിലെ 10.30ന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ (ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001) വച്ച് ഒരു സ്പെഷ്യൽ അലോട്ടുമെന്റ് നടത്തുന്നതാണ്. സംവരണ വിഭാഗക്കാരുടെ അഭാവത്തിൽ ഈ സീറ്റുകളിൽ മറ്റ് അർഹരായ വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്. ഈ അലോട്ടുമെന്റിനെ തുടർന്നു മറ്റു കോളേജുകളിൽ സീറ്റ് ഒഴിവുണ്ടാവുകയാണെങ്കിൽ ആ സീറ്റുകൾ കൂടി അന്നേദിവസം റീ-അലോട്ട് ചെയ്യുന്നതാണ്.

2010ലെ എൽ.എൽ.എം പ്രവേശന പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിലുള്ളവർക്ക് ഈ സ്പെഷ്യൽ അലോട്ടുമെന്റിൽ പങ്കെടുക്കാം. പ്രസ്തുത വിദ്യാർത്ഥികൾ അവരവരുടെ അഡ്മിറ്റ് കാർഡ്, വിദ്യാഭ്യാസ യോഗ്യത, ജനനതീയതി എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം 25.01.2011 രാവിലെ 10 മണിക്ക് തന്നെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഹാജരാകേണ്ടതാണ്. ഈ അലോട്ടുമെന്റിൽ പങ്കെടുക്കുന്നതിന് വ്യക്തിപരമായ മെമ്മോകൾ അയയ്ക്കുന്നതല്ല. എൽ.എൽ.എം കേന്ദ്രീകൃത അലോട്ടുമെന്റിൽ മുമ്പ് നൽകിയിട്ടുള്ള ഓപ്ഷനുകൾ ഈ അലോട്ടുമെന്റിൽ പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് "cee-kerala.org" എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
20.01.2011